ൻെറ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനമെന്ന നിലയിൽ താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനം അവകാശപ്പെടാവുന്നതു് കേരള സാഹിത്യ അക്കാദമിക്കു മാത്രമാണ്. കേരളത്തിലെ അക്കാദമികളുടെ ദുരവസ്ഥയ്ക്കു കാരണം ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ അവിഹിതമായ ഇടപെടലല്ല. രാഷ്ട്രീയപ്പാർട്ടികഠം തങ്ങളുടെ മൂന്നാംകിട അനുഭാവികഠംക്കു നൽകുന്ന സമ്മാനമാണ് ഇവയുടെ അംഗത്വമെന്നതാണ് ഈ സംഘടനകളുടെ മുഖ്യ ദുർബലത. ഇങ്ങനെ ഇവയിൽ അംഗത്വം നേടുന്ന രാഷ്ട്രീയ ഭിക്ഷാംദേഹികളിൽ പലരും അതൊരലങ്കാരമായി, തൊപ്പിയിൽ മറെറാരു തൂവലായി, പ്രദർശിപ്പിക്കുന്നതിനും പരമാവധി ടി. എ. യും ഡി. എ. യും കണക്കെഴുതി വാങ്ങുന്നതിനുമല്ലാതെ, ഈ സംഘടനകളുടെ ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങഠം ആസൂത്രണം ചെയ്യുന്നതിനും അവ നടപ്പിലാക്കുന്നതിനും തല്പരരല്ല; അതിനുവേണ്ട വൈദഗ്ദ്ധ്യം അവരിൽ മിക്കവർക്കുമില്ലതാനും.

പറഞ്ഞു പറഞ്ഞു് കേരളത്തിൽ ഒരു സാംസ്കാരിക വകുപ്പ് നിലവിൽ വന്നിരിക്കുന്നു. ഈ സംവിധാനംകൊണ്ടു് സിക്രട്ടേറിയററിലെ പ്രൊമോഷൻ സാദ്ധ്യതകഠം വർദ്ധിച്ചിരിക്കാമെന്നല്ലാതെ, സാഹിത്യത്തിൻെറയും കലകളുടെയും പ്രോത്സാഹനത്തിനും പോഷണത്തിനും അതു് ഇന്നോളം ഉപകരിച്ചിട്ടില്ല. എന്നെങ്കിലും ഉപകരിക്കുമെന്ന ആശയും ഇനിയും നാമ്പെടുത്തിട്ടില്ല.

27 മാർച്ച്, 1982

## 62. മഹൻജദരോവിനും മുമ്പ്

സിന്ധു നദീതീരത്തു് മഹൻജദരോ, ഹരപ്പ എന്നിവിടങ്ങളിലെ ചില കുന്നുകഠം കിളച്ചുനോക്കിയപ്പോഴാണ് അവ വെറും കുന്നുകളല്ലെന്നും, ആയിരത്താണ്ടുകഠം മുമ്പു മൺമറഞ്ഞുപോയ ചില ജനവാസങ്ങളുടെ അവശിഷ്ടങ്ങളാണ് അവയുടെയിലുള്ളതെന്നും മനസ്സിലായതു്. ഇതോടെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൻെറ ചരിത്രത്തിനു് അസാധാരണമായ ഒരു ആയാമം പെട്ടെന്നു കൈവന്നു. പശുക്കളെ മേച്ചുകൊണ്ടു് നാടോടി നടന്നിരുന്ന ആര്യന്മാർ വേദമന്ത്രങ്ങളും പാടി മദ്ധ്യേഷ്യയിൽനിന്നു് വന്നെത്തിയതുമുതല്ക്കാണ് വടക്കേ ഇന്ത്യയിൽ പരിഷ്കൃതജീവിതം ആരംഭിച്ചതെന്ന, അന്നുവരെ നിലനിന്നിരുന്ന, ചരിത്രകാരന്മാരുടെ വിശ്വാസം പൂർണമായും തിരുത്തിക്കുറിക്കപ്പെട്ടു. വിപുലവും സമൃദ്ധവും സാക്ഷരവുമായ ഒരു നഗര സംസ്കാരം ആര്യന്മാരുടെ ആഗമനത്തിനു് എത്രയോ നൂററാണ്ടുകഠം മുമ്പുതന്നെ സിന്ധിലും പഞ്ചാബിലും നിലനിന്നിരുന്നുവെന്നും, മദ്ധ്യധരണ്യാഴിക്കരയിലെ സമകാല സംസ്കാരങ്ങളുമായി ഈ പ്രാചീന സൈന്ധവർക്കു് വ്യാപാരബന്ധങ്ങളുണ്ടായിരുന്നുവെന്നും നിരാക്ഷേപമായി തെളിഞ്ഞു. ഒരുപക്ഷേ, ആര്യന്മാരുടെ ആക്രമണത്തിനു മുമ്പിൽ സൈന്ധവരുടെ ഈ നാഗരിക പരിഷ്കാരം നശിച്ചുപോയതാവാം. തെക്കോട്ടു് നർമദവരെയും കിഴക്കോട്ടു് ബംഗാഠംവരെയും ഈ പ്രാചീന പരിഷ്കാരം വ്യാപിച്ചിരുന്നതായും പിന്നീടു മനസ്സിലായിട്ടുണ്ടു്. സൈന്ധവരുടെ ചിത്രലിപികഠം വായിക്കാൻ കഴിഞ്ഞാൽ അവരുടെ ഭാഷ, മതം, വ്യാപാരബന്ധങ്ങഠം, സമൂഹവ്യവസ്ഥ മുതലായവയെപ്പററി ഒട്ടധികം വിവരങ്ങഠം അറിയാൻ കഴിഞ്ഞേക്കും.

ഇന്ത്യൻ ചരിത്രത്തിൻെറ ആരംഭബിന്ദുവാണോ മഹൻജദരോ?

ഇന്ത്യാ–പാകിസ്ഥാൻ, വിഭജനത്തോടെ, 'മാനവസംസ്കാരത്തിൻെറ പിള്ള ത്തൊട്ടിൽ' എന്ന വിളിക്കാവുന്ന സിന്ധു നദീതടം പാകിസ്ഥാനിലായി ക്കഴിഞ്ഞു. അതിനാൽ ഇന്ത്യയ്ക്ക് മേലിൽ ആ പ്രദേശത്തു് ഉൽഖനനങ്ങൾ നടത്തുക സാദ്ധ്യമല്ലാതായി. എങ്കിലും പാകിസ്ഥാൻ പരിമിതമായ തോതിലെങ്കിലും, ഇവിടങ്ങളിൽ ഉൽഖനനങ്ങൾ നടത്തിവരുന്നുണ്ട്. ഇവയിൽനിന്ന മനസ്സിലാവുന്നതു്, മഹൻജദരോ കാലഘട്ടത്തിനു മുമ്പും സിന്ധു നദീതടത്തിൽ ജനവാസകേന്ദ്രങ്ങൾ, നഗരങ്ങൾതന്നെ, ഉണ്ടായി രുന്നു എന്നാണു്.

പാകിസ്ഥാനിലെ സിന്ധ് സംസ്ഥാനത്തിൽ ഖൈർപൂർ നഗര ത്തിൽനിന്നു് ഹൈദരാബാദി (സിന്ധ്)ലേക്ക പോകുന്ന റോഡിനടുത്തു്, ഖൈർപൂരിൽനിന്നു് പതിനഞ്ചു മൈൽ തെക്ക കിടക്കുന്ന ഒരു സ്ഥലമാ ണു് കോട് ഡി ജി. കോട് എന്നാൽ കോട്ട എന്നർത്ഥം. പതിനെട്ടാം നൂററാണ്ടിൽ നിർമിച്ച താൽപൂർകോട്ട ഇതിനടുത്തായതിനാലാണു് ഡി ജി യുടെ പേരിൽ 'കോട്' എന്നുകൂടി ചേർത്തതു്. കോട് ഡി ജി യിൽ അറുനൂറടി നീളവും നാനൂറ് അടി ഉയരവുമുള്ള ഒരു കുന്നു് ഉണ്ടായിരുന്നു. മഹൻജദരോവിലെയും മററും സംസ്കാരാവശിഷ്ടങ്ങൾപോലെ കാണപ്പെട്ട ഈ കുന്നിൽ 1956–ൽ പാകിസ്ഥാൻ ഗവണ്മെൻറ് ഉൽഖനനങ്ങൾ തുടങ്ങി. മഹൻജദരോ കാലഘട്ടത്തിനും മുമ്പിൽ, ഇന്നേക്ക നാലായിരത്തി മുന്നൂറു കൊല്ലം മുമ്പ്, ക്രി. മു. 2300–നോടടുപ്പിച്ച്, സിന്ധുനദീതീരത്തു നില വിലിരുന്ന സംസ്കൃതയുടെ സവിശേഷതകൾ ഇവിടെ വെളിപ്പെട്ടിരിക്കുന്നു. കോട് ഡി ജി നിവാസികളിൽനിന്നു പലതും മഹൻജദരോക്കാർ കടം കൊണ്ടിരിക്കുമെന്നു കരുതാൻ തെളിവുകൾ ഉണ്ടത്രേ. പ്രാക്ചരിത്രകാര ന്മാരെ ആവേശം കൊള്ളിക്കുന്ന ഒരു കാര്യമാണിതു്.

മഹൻജദരോവിലെന്നപോലെ കോട് ഡി ജി യിലും മണ്ണിൽനിന്നും പുറത്തെടുത്ത നഗരത്തിൻെറ രണ്ടു വ്യത്യസ്ത വിഭാഗങ്ങളുണ്ട്. ഒന്നു്, ഉയർന്ന ഒരു ദുർഗം (സിററാഡൽ). ഇതിലായിരിക്കണം നഗരത്തിലെ ധനിക വിഭാഗം പാർത്തിരുന്നതു്. സാധാരണജനങ്ങൾ പാർത്തിരുന്ന താഴ്ന്ന വിഭാഗം ഇതിനു പുറത്താണു്. കോട് ഡി ജി യിലെ ദുർഗത്തി ൻെറ മുകളിലെ പകുതിയിൽ കണ്ടുകിട്ടിയ അവശിഷ്ടങ്ങൾ ഹരപ്പയിൽ നിന്നും കിട്ടിയവപോലെതന്നെയാണു്. ഈ അവശിഷ്ടങ്ങൾക്കിടയിലുള്ള താഴത്തെ പകുതിയിൽനിന്നു കിട്ടിയ അവശിഷ്ടങ്ങൾക്ക് ഹരപ്പൻ അവ ശിഷ്ടങ്ങളേക്കാൾ പഴക്കം കൂടുമല്ലോ. ഇവ കോട് ഡി ജി യിൽ മാത്രമേ ലഭിച്ചിട്ടുള്ളു. കോട് ഡി ജി സംസ്കാരത്തിൻെറ സവിശേഷതകളെ ഈ അടിത്തലത്തിലെ അവശിഷ്ടങ്ങൾ ഉദാഹരിക്കുന്നു.

കല്ലുകൊണ്ട് അസ്തിവാരമിട്ട് അതിന്മേൽ മണ്ണിഷ്ടക പടുത്താണു് കോട് ഡി ജി ക്കാർ വീടുകൾ പണിതിരുന്നതു്. അഞ്ഞൂറടി നീളവും മുന്നൂറടി വീതിയും നാല്പതടി ഉയരവുമുള്ള സിററാഡൽ (ദുർഗ) പ്രദേശത്തു്, ഉപരിതലങ്ങളിൽ ശരിയായി ദിശാനിർണയം ചെയ്തു രചിച്ച വിശാലങ്ങ ളായ മുറികൾ കണ്ടെത്തിയിട്ടുണ്ട്. മൺപാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, അമ്മദൈവത്തിൻെറ പ്രതിമകൾ, ഓടുകൊണ്ടുള്ള അമ്പിൻ മുനകൾ മുത ലായ വസ്തുക്കൾ ഇവിടെനിന്നു ലഭിച്ചിരിക്കുന്നു.

കോട് ഡി ജി യിലെ മൺപാത്രങ്ങൾ ചക്രത്തിൽവെച്ചു രൂപപ്പെടു ത്തിയവയും അഴകുള്ളവയുമാണു്. ഇളം ചുവപ്പുമുതൽ ചുവപ്പുവരെയുള്ള നിറഭേദങ്ങൾ അവയ്ക്കുണ്ട്. പല വലിപ്പത്തിലുമുള്ള ഈ മൺപാത്രക്കഷണ ങ്ങൾ കലാഭംഗിയുള്ളവയാണു്. കോട് ഡി ജിയിലെ മൺപാത്രങ്ങളിൽ കാണുന്ന ചിത്രങ്ങളുടെ വികസിത രൂപങ്ങളാണത്രേ, മഹൻജദരോവിലും മററും ലഭിച്ച മൺപാത്രങ്ങളിൽ കാണുന്നതു്.

കോട് ഡി ജിയിൽ വലിയ തോതിൽ ശിലാ–ആയുധങ്ങൾ കണ്ടുകി

ട്ടിയിട്ടുണ്ട്. ഇവയിൽ, ഇലയുടെ ആകൃതിയിൽ ഉരച്ചെടുത്ത അമ്പിൻ മുനകൾ പ്രത്യേകമായി പരാമർശിക്കപ്പെട്ടിരിക്കുന്നു. ഈ പ്രദേശത്തുനിന്നു കിട്ടിയ, ചുട്ടെടുത്ത കളിമണ്ണുകൊണ്ടുള്ള, കാളയുടെ രൂപങ്ങളാണ് മറ്റൊരു ആകർഷണം. തടിച്ച മുഖവും സുഘടിത ശരീരവുമുള്ള ഈ കാളകളുടെ കൊമ്പുകളിൽ ചായം പൂരട്ടിയിരിക്കുന്നു. വളകൾ, മുത്തുമണികൾ, ഗോട്ടികൾ (മാർബിൾ), കളിമണ്ണു ചുട്ടു നിർമിച്ച കോണുകൾ, സ്പിൻഡിലുകൾ മുതലായവയും ഇവിടെ ധാരാളമായി കാണപ്പെട്ടിട്ടുണ്ട്.

കോട് ഡി ജിക്കാർ സുനിർമിതങ്ങളായ ശിലാ-ആയുധങ്ങൾ ഉപയോഗിച്ചിരുന്നതായും വെയിലത്തുണക്കിയ ഇഷ്ടികകൊണ്ടു നിർമിച്ച വീടുകളിൽ പാർത്തിരുന്നതായും തെളിഞ്ഞിട്ടുണ്ട്. ആ നഗരത്തിലെ സ്ത്രീകൾ മുത്തുമാലകൾ അണിഞ്ഞിരുന്നു; ശംഖുവളകളും കളിമണ്ണുകൊണ്ടുണ്ടാക്കി ചുട്ടെടുത്ത വളകളും അവർ ധരിച്ചിരുന്നു. അവരുടെ കുട്ടികൾ പല കളിപ്പാട്ടങ്ങൾകൊണ്ടു കളിച്ചിരുന്നു.

കോട് ഡി ജിയിലെ ആദിനിവാസികൾ എവിടെനിന്നു വന്നു? അറിഞ്ഞുകൂടാ. ഒന്നു മാത്രം പറയാം: കണ്ടുകിട്ടിയേടത്തോളം ലോകത്തിലെ അതിപ്രാചീന നഗരങ്ങളിലൊന്നാണ് കോട് ഡി ജി. അവിടെ കൂടുതൽ ഉൽഖനനം നടത്തിയാൽ ഇനിയും പല വസ്തുതകളും വെളിവായേക്കാം. കോട് ഡി ജിയിൽനിന്ന് ചിത്രലിപികളുള്ള മുദ്രകളോ മറ്റു വസ്തുക്കളോ കിട്ടിയതായി, ഇതു സംബന്ധിച്ച റിപ്പോർട്ടിൽ പറയുന്നില്ല.

അഗ്നിബാധകൊണ്ടായിരിക്കണം കോട് ഡി ജി നശിച്ചത്. കരിഞ്ഞുകാണുന്ന അവിടത്തെ ചില അവശിഷ്ടങ്ങൾ ഈ നിഗമനത്തിലേക്കു നയിക്കുന്നു. പല തവണയായി വെള്ളപ്പൊക്കവും ഈ പ്രാചീന നഗരത്തെ ബാധിച്ചിട്ടുണ്ട്.

കോട് ഡി ജിക്കുള്ള ഏററവും വലിയ പ്രത്യേകത ആ പ്രാചീന നഗരത്തിനു ചുററുമായി കല്ലുകൊണ്ടു നിർമിച്ച ഒരു കൂററൻ മതിൽ ഉണ്ടായിരുന്നു എന്നതാണ്. അറിവായിടത്തോളം ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ആദ്യത്തെ കോട്ട കെട്ടി ഭദ്രമാക്കിയ നഗരം കോട് ഡി ജിയാണ്.

സെപ്റ്റംബർ 24-ലെ 'ഡാൺ' പത്രത്തിൻെറ 'ഓവർസീസ് വീക്ക്ലി'യിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടാണ് ഈ കുറിപ്പിനു് ആധാരം.

പാകിസ്ഥാനിൽ നടക്കുന്ന ഈ ഉൽഖനനങ്ങളിൽ ഇന്ത്യയിലെ ചരിത്രകാരന്മാർ തത്പരരാകേണ്ടതാണ്. ഭാരതീയ സംസ്കാരത്തിൻെറ തായ് വേരുകളിലേക്കാണല്ലോ ഈ പഠനങ്ങൾ നമ്മെ നയിക്കുന്നത്.

8 നവംബർ, 1982

# 63. സൈന്ധവ നാഗരികതയുടെ പഠനം

ചരിത്രത്തിൽ അന്നോളം അറിയപ്പെടാതിരുന്ന ഒരു നാഗരികത സിന്ധു നദീതീരങ്ങളിൽ സഹസ്രാബ്ദങ്ങൾക്കു മുമ്പ് നിലനിന്നിരുന്നുവെന്നറിവായതു് പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യത്തിൽ സിന്ധിലെ മോഹൻജദരോ, പഞ്ചാബിലെ ഹരപ്പ എന്നിവിടങ്ങളിൽ വലിയ നഗരങ്ങളുടെ അവശിഷ്ടങ്ങൾ മണ്ണിനടിയിൽനിന്നു കണ്ടെടുത്തപ്പോഴാണ്. ഈ ഉൽഖാതാവശിഷ്ടങ്ങളിൽ അക്ഷരങ്ങളുള്ള ഒരു മുദ്ര (സീൽ) 1853–ൽ കാണപ്പെട്ടു. പിന്നീടുള്ള ഒരു നൂററാണ്ടിനിടയ്ക്ക് സിന്ധു താഴ്‌വാരത്തിൽ മാത്രമല്ല, ബോംബെമുതൽ ബംഗാൾവരെ പലേടത്തും നടത്തിയ ഉൽഖനനങ്ങളിൽ